بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**15-08-2025**

# മക്കാവിജയത്തിനു ശേഷമുള്ള ചില സൈനിക നീക്കങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്...) യു.കെ യിലെ ഇസ്‌ലാബാദിൽ വച്ച് നിർവഹിച്ചത്.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആലാ ബി നസ്റിഹിൽ അസീസ്) പ്രസ്താവിച്ചു:

കഴിഞ്ഞ ജുമുഅഃയിൽ ഞാൻ മൂന്ന് വലിയ ബിംബങ്ങളെ തകർത്തതിനെക്കുറിച്ച് പറഞ്ഞിരുന്നു. കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാണ്. ഒരു സൈനികനീക്കം, എട്ടാം ഹിജ്റയിലെ റമദാനിൽ മിനായിലേക്ക് അയച്ച ഹദ്റത്ത് സഅ്ദ് ബിൻ സൈദ് അശ്ഹലിയുടേതായിരുന്നു. നബിതിരുമേനി (സ) റമദാൻ 24-ൽ മനാത്ത് എന്ന വിഗ്രഹം വിപാടനം ചെയ്യുന്നതിന് വേണ്ടി ഹദ്റത്ത് സഅ്ദ് ബിൻ സൈദിനെ അയച്ചു. ഇത് ചെങ്കടലിന്റെ തീരത്ത് ഖുദൈദിനടുത്ത് മുശല്ലൽ ഒരു സ്ഥലത്താണ് സ്ഥാപിച്ചിരുന്നത്. അതുകൊണ്ട് തന്നെ ഇതിനെ സരിയ്യ മുശല്ലൽ എന്നും വിളിക്കുന്നു. ഹദ്റത്ത് സഅ്ദ് ബിൻ സൈദ് അശ്ഹലി ഇരുപത് കുതിരപ്പടയാളികളോടൊപ്പം യാത്ര തിരിച്ചു. അവിടെയെത്തിയപ്പോൾ അവിടെ ഒരു ക്ഷേത്രപരിപാലകനുണ്ടായിരുന്നു. അയാൾ ഹദ്റത്ത് സഅ്ദിനോട് നിങ്ങളുടെ ഉദ്ദേശ്യം എന്താണെന്ന് ചോദിച്ചു. മനാത്തിനെ തകർക്കുകയാണ് ഉദ്ദേശ്യമെന്ന് അദ്ദേഹം പറഞ്ഞു. അയാൾ പറഞ്ഞു: നിങ്ങൾക്ക് അതു ചെയ്യാൻ സാധ്യമല്ല. ഹദ്റത്ത് സഅ്ദ് ആ വിഗ്രഹത്തിനടുത്തേക്ക് നീങ്ങി. സത്യമാണോ എന്നറിയില്ല ഒരുപക്ഷേ അതിശയോക്തിയോടെ പറഞ്ഞതായിരിക്കാം. നിവേദകൻ പറയുന്നു, അപ്പോൾ ഒരു മുടിയഴിച്ചിട്ട കറുത്ത നഗ്നയായ സ്ത്രീ മുറിയിൽ നിന്ന് പുറത്തുവന്നു. അയാൾ തന്റെ വിഗ്രഹത്തോട് ഹേ മനാത്ത്, നിന്റെ കോപം വർഷിക്കുക എന്ന് പറഞ്ഞു. ഹദ്റത്ത് സഅ്ദ് ബിൻ അശ്ഹലി അയാളെ വകവരുത്തി. ഈ സംഭവത്തിന്റെ റിപ്പോർട്ട് ശരിയാണെങ്കിൽ ഒരുപക്ഷേ അയാൾ ഏറ്റുമുട്ടാൻ ശ്രമിച്ചിരിക്കാം. ആ സംഘർഷത്തിൽ കൊല്ലപ്പെട്ടതാവാം. വെറും ശാപപ്രാർഥന നടത്തിയതിന് കൊലപ്പെടുത്തുകയെന്നത് ഇസ്‌ലാമിക അധ്യാപനത്തിന് നിരക്കാത്തതാണ്. അത് ശരിയാകാൻ തരമില്ല. ഇത് നബിതിരുമേനി(സ)യുടെ പൊതുനിർദേശങ്ങൾക്കും എതിരാണ്.

അടുത്തത്, ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ നഖ്ലയിലേക്കുള്ള സൈനിക നീക്കമാണ്. ഇത് ഹിജ്റ വർഷം എട്ട് റമദാൻ 25-നാണ് നടന്നത്. (ക്രിസ്ത്വബ്ദം 629 ജനുവരി). അവിടെയുള്ള ഖുറൈശികളുടെ പ്രസിദ്ധമായ ഉസ്സാ എന്ന വിഗ്രഹം തകർക്കുകയായിരുന്നു ലക്ഷ്യം. ഇബ്നു ഇസ്ഹാഖ് പറയുന്നു: ഉസ്സയുടെ പൂജാരി ഹദ്റത്ത് ഖാലിദിന്റെ വരവറിഞ്ഞപ്പോൾ വാൾ വിഗ്രഹത്തിൽ തൂക്കി സ്വയം മലമുകളിലേക്ക് ഓടിക്കയറി. ഇങ്ങനെ കവിത ചൊല്ലാൻ തുടങ്ങി, ഹേ

ഉസ്സാ! ഖാലിദിന്മേൽ എല്ലാം നാമാവശേഷമാക്കുന്ന കഠിനമായ ആക്രമണം അഴിച്ചുവിടുക. അങ്കത്തിനുള്ള മൂടുപടം ധരിക്കുക. കുപ്പായകൈകൾ കയറ്റിവയ്ക്കുക. ഹേ ഉസ്സാ! നിങ്ങൾ ഖാലിദെന്ന ഈ വ്യക്തിയെ കൊന്നില്ലെങ്കിൽ പോലും, അവനെ ഉടൻ തന്നെ സംഭവിക്കാൻ പോകുന്ന ഒരു പാപത്തിന് ഉത്തരവാദിയാക്കുക അല്ലെങ്കിൽ അവനോട് അതിനു പകരം വീട്ടുക.

ഹദ്റത്ത് ഖാലിദ് നഖ്‌ലയിൽ എത്തിയ ഉടൻ തന്നെ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി. ഉസ്സയുടെ വിഗ്രഹം പ്രതിഷ്ഠിച്ചിരുന്ന വീട് തകർത്തു. അതിനുശേഷം അദ്ദേഹം മക്കയിലേക്ക് മടങ്ങി നബിതിരുമേനി (സ)യെ കണ്ട് റിപ്പോർട്ട് സമർപ്പിച്ചു. അപ്പോൾ നബിതിരുമേനി(സ) ചോദിച്ചു: നിങ്ങൾ അവിടെ എന്തെങ്കിലും പ്രത്യേകമായ വസ്തു കണ്ടിരുന്നോ? ഹദ്റത്ത് ഖാലിദ് ഇല്ലെന്ന് മറുപടി നല്കി. അപ്പോൾ നബിതിരുമേനി(സ) പറഞ്ഞു: എങ്കിൽ നിങ്ങൾ ഉസ്സയെ നശിപ്പിച്ചിട്ടില്ല. തിരിച്ചുപോയി അതിന് ഉന്മൂലനാശം വരുത്തുക. ഈ ആജ്ഞ കേട്ട ഉടൻ തന്നെ ഹദ്റത്ത് ഖാലിദ് തിരിച്ചുപോയി. കാവൽക്കാർ വീണ്ടും ഹദ്റത്ത് ഖാലിദിനെ കണ്ടപ്പോൾ മലമുകളിലേക്ക് ഓടിക്കയറി. അവർ ഉസ്സയോട് ഇവരെ നശിപ്പിക്കാൻ അപേക്ഷിക്കുകയായിരുന്നു. ആ വിഗ്രഹാലയത്തിൽ നിന്ന് മുടിയഴിച്ചിട്ട ഒരു കറുത്ത സ്ത്രീ പുറത്തുവന്നു. അപ്പോൾ ഹദ്റത്ത് ഖാലിദ് ഈ വരികൾ ചൊല്ലുകയായിരുന്നു, ഹേ ഉസ്സാ! ഞാൻ നിന്നെ നിഷേധിക്കുന്നു. നിന്റെ പരിശുദ്ധി വാഴ്ത്തുന്നില്ല. കാരണം അല്ലാഹു നിന്നെ അപമാനിക്കുന്നത് ഞാൻ കണ്ടിരിക്കുന്നു. അതിനുശേഷം അദ്ദേഹം തിരിച്ചെത്തി നബിതിരുമേനി (സ)യെ കണ്ട് നടന്നതെല്ലാം വിവരിച്ചു. അപ്പോൾ നബിതിരുമേനി(സ) പറഞ്ഞു: അതെ, ഉസ്സയാണത്. ഇനിമേൽ നിങ്ങളുടെ നാട്ടിൽ താൻ ആരാധിക്കപ്പെടില്ലെന്ന് അത് നിരാശപ്പെട്ടിരിക്കുന്നു.

അടുത്തത് ഹദ്റത്ത് അംറ് ബിൻ ആസിന്റെ നേതൃത്വത്തിൽ സുവായിലേക്കുള്ള സൈനികനീക്കമാണ്. ഇതും എട്ടാം ഹിജ്റയിലെ റമദാനിലാണ് നടന്നത്. ഉസ്സ വിഗ്രഹം തകർക്കുന്നതിനുള്ള ദൗത്യത്തോടൊപ്പം, നബിതിരുമേനി(സ) ഹദ്റത്ത് അംറ് ബിൻ ആസിനെ സുവാ വിഗ്രഹത്തെ തകർക്കാൻവേണ്ടി അയച്ചു. ഈ വിഗ്രഹം ഒരു സ്ത്രീയുടെ രൂപത്തിലായിരുന്നു. വിശുദ്ധ ഖുർആനിൽ ചില വിഗ്രഹങ്ങളെ പേരെടുത്ത് പരാമർശിച്ചിട്ടുണ്ട്. അതിലൊന്നാണ് ഈ വിഗ്രഹം. സൂറ നൂഹിൽ ഇപ്രകാരം വരുന്നു, അവർ പറഞ്ഞു: നിങ്ങളുടെ ദൈവങ്ങളെ നിങ്ങൾ ഒരു കാരണവശാലും ഉപേക്ഷിക്കരുത്; അതായത് വദ്ദിനെയും, സുവായിനെയും, യഗൂഥിനെയും, യഊഖിനെയും, നസ്രിനെയും. വാസ്തവത്തിൽ, ഈ പേരുകളെല്ലാം ഹദ്റത്ത് നൂഹിന്റെ സമൂഹത്തിലെ ഏതാനും സുകൃതവാന്മാരുടെതായിരുന്നു. അവർ മരിച്ചപ്പോൾ, അവർ ഇരുന്നിരുന്ന സ്ഥലങ്ങളിൽ അവരുടെ പേരിൽ പ്രതിമകൾ സ്ഥാപിക്കാൻ പിശാച് അവരുടെ സമൂഹത്തിന് ഹൃദയപ്രേരണ നല്കി. അവർ അങ്ങനെ ചെയ്യുകയും അവയെ ആരാധിക്കാൻ തുടങ്ങുകയും ചെയ്തു.

ഹദ്റത്ത് അംറ് ബിൻ ആസ് റുഹാത്തിൽ സുവായിനടുത്ത് എത്തിയപ്പോൾ അവിടെ വച്ച് അതിന്റെ പൂജാരിയെ കണ്ടുമുട്ടി. അദ്ദേഹം താൻ നബി (സ)യുടെ ആജ്ഞപ്രകാരം ഈ വിഗ്രഹം തകർക്കാൻ വന്നതാണെന്ന് പൂജാരിയോട് പറഞ്ഞു. താങ്കൾക്ക് അത് തകർക്കാൻ ഒരിക്കലും സാധിക്കില്ല എന്ന് അയാൾ മറുപടി നല്കി. അദ്ദേഹം കാരണം തിരക്കിയപ്പോൾ താങ്കൾ നിശ്ചയമായും തടയപ്പെടും എന്ന് പൂജാരി പറഞ്ഞു. അപ്പോൾ ഹദ്റത്ത് അംറ് പറഞ്ഞു: നിങ്ങളുടെകാര്യം കഷ്ടം തന്നെ, ഇതിന് കേൾക്കാനും കാണാനും കഴിയുമോ? അതിനുശേഷം അദ്ദേഹം മുന്നോട്ട് നീങ്ങി വിഗ്രഹം തകർത്തു. ശേഷം തന്റെ അനുയായികളോട് അതിനടുത്തുള്ള കുടിൽ നശിപ്പിക്കാൻ ആവശ്യപ്പെട്ടു. അവർ അതും നശിപ്പിച്ചു.

പിന്നീട് അദ്ദേഹം പൂജാരിയോട് ഇനി എന്താണ് പറയാനുള്ളത് എന്ന് ചോദിച്ചു. തന്റെ ദൈവത്തിന്റെ ഈ അവസ്ഥ കണ്ടപ്പോൾ അയാൾ ഉടൻ തന്നെ പറഞ്ഞു: ഞാൻ അല്ലാഹുവിനെ അനുസരിക്കുന്നു, ഇസ്ലാം സ്വീകരിക്കുന്നു. ഈ സംഭവത്തിൽ നിന്ന് പൂജാരിയെ അല്ലെങ്കിൽ മറ്റാരെയെങ്കിലും കൊലപ്പെടുത്തിയെന്ന് മുമ്പ് വിവരിച്ച കഥ സംശയാസ്പദമാണ് എന്ന് സ്ഥിരീകരിക്കപ്പെടുന്നു.

അടുത്തത് ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ബനൂ ജസീമയിലേക്കുള്ള സൈനികനീക്കമാണ്. ഇത് എട്ടാം ഹിജ്റയിലെ ശവ്വാലിലാണ് നടന്നത്. മക്കാ വിജയത്തിനുശേഷം ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഉസ്സ വിഗ്രഹം തകർത്ത് മടങ്ങിവന്നപ്പോൾ, നബിതിരുമേനി(സ) അദ്ദേഹത്തെ ബനൂ ജസീമഗോത്രത്തിലേക്ക് അയച്ചു. മക്കയുടെ യലംലം ഭാഗത്താണ് അവർ താമസിച്ചിരുന്നത്. നബിതിരുമേനി(സ) ഹദ്റത്ത് ഖാലിദിനോട് ഈ ഗോത്രത്തെ ഇസ്ലാമിലേക്ക് ക്ഷണിക്കാൻ ആവശ്യപ്പെട്ടു.

അവരുമായി യുദ്ധം ചെയ്യരുതെന്ന് പ്രത്യേക നിർദേശവും നല്കി. ഇബ്നു സഅദ് പറയുന്നു: ഖാലിദ് അവരെ സമീപിച്ചപ്പോൾ, നിങ്ങൾ ഏത് മതത്തിലാണെന്ന് അവരോട് ചോദിച്ചു. അവർ മറുപടി പറഞ്ഞു: ഞങ്ങൾ മുസ്ലീങ്ങളാണ്. ഹദ്റത്ത് ഖാലിദ് ചോദിച്ചു: പിന്നെ എന്തിനാണ് നിങ്ങൾ ആയുധം ധരിച്ചിരിക്കുന്നത്? അവർ പറഞ്ഞു: ഞങ്ങളും ചില അറബ് ഗോത്രങ്ങളും തമ്മിൽ ശത്രുതയുണ്ടായിരുന്നു, അതുകൊണ്ട് നിങ്ങൾ ആ ശത്രുക്കളാണെന്ന് ഞങ്ങൾ കരുതിയിട്ടാണ് അങ്ങനെ ചെയ്തത്. എന്തായാലും നിവേദനങ്ങളിൽ നിന്ന് മനസ്സിലാകുന്നത് അവരുടെ കാര്യത്തിൽ ഹദ്റത്ത് ഖാലിദിന്റെ മനസ്സിൽ ചില സംശയങ്ങളും ആശങ്കകളും ഉടലെടുത്തുവെന്നും അതിനാൽ ഒരു രാത്രിയുടെ അവസാന യാമത്തിൽ ഈ തടവുകാരെ കൊല്ലുന്നതാണ് ഉചിതമെന്ന് അദ്ദേഹം ഉത്തരവിട്ടുവെന്നുമാണ്. ഇതു കേട്ട് ചില മുസ്ലീങ്ങൾ തങ്ങളുടെ തടവുകാരെ കൊന്നു. എന്നാൽ ആദ്യകാല മുസ്ലീങ്ങളായ മുഹാജിറുകളുടെയും അൻസ്വാറുകളുടെയും സംഘം ഖാലിദിന്റെ ഈ അഭിപ്രായത്തോട് യോജിച്ചില്ല. അവർ തങ്ങളുടെ തടവുകാരെ കൊന്നില്ല. ഈ സംഭവം മുഴുവനും അറിഞ്ഞപ്പോൾ നബിതിരുമേനി (സ)യ്ക്ക് വലിയ ദുഃഖമുണ്ടായി. നബിതിരുമേനി(സ) പറഞ്ഞു: അവരെ കൊല്ലാൻ ഞാൻ ഖാലിദിനോട് കൽപ്പിച്ചിട്ടില്ല. അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കാൻ മാത്രമാണ് ഞാൻ പറഞ്ഞത്. തുടർന്ന് നബി തന്റെ കൈകൾ ഉയർത്തിക്കൊണ്ട് രണ്ട് തവണ പറഞ്ഞു: അല്ലാഹുവേ, ഖാലിദ് ചെയ്ത കാര്യത്തിൽ എനിക്ക് ഉത്തരവാദിത്വമില്ലെന്ന് ഞാൻ നിന്നോട് വെളിപ്പെടുത്തുന്നു.

പിന്നീട് നബിതിരുമേനി(സ) വധിക്കപ്പെട്ടവരുടെ ദിയത്ത് (നഷ്ടപരിഹാരം) നല്കാനും മുഴുവൻ കാര്യങ്ങളും അന്വേഷിക്കാനും വേണ്ടി ഹദ്റത്ത് അലിയെ അങ്ങോട്ടേക്ക് അയച്ചു. ഹദ്റത്ത് അലി അവിടെ പോയി കൊല്ലപ്പെട്ടവരുടെ അവകാശികൾക്ക് നഷ്ടപരിഹാരം നല്കി. മുസ്ലീങ്ങൾ പിടിച്ചെടുത്ത അവരുടെ സ്വത്തുക്കൾ മുഴുവൻ അവർക്ക് തിരികെ നല്കി. ഒരു നായ വെള്ളം കുടിച്ചിരുന്ന മരപ്പാത്രം പോലും തിരികെ നല്കി. ദിയത്തും മറ്റും നല്കിയ ശേഷം ഹദ്റത്ത് അലിയുടെ കയ്യിൽ കുറച്ച് പണം ബാക്കിയുണ്ടായിരുന്നു. അദ്ദേഹം ബാക്കിയുണ്ടായിരുന്ന പണം മുഴുവൻ അവർക്ക് നല്കി. ഇത് നബിതിരുമേനി(സ)യുടെ ഭാഗത്തുനിന്ന് ഒരു മുൻകരുതലെന്ന നിലയിൽ നല്കുകയാണെന്നും അല്ലാഹുവിന്റെ ദൂതനോ നിങ്ങൾക്കോ അറിയാത്ത ഏതെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന് വേണ്ടിയാണെന്നും പറഞ്ഞു. ഇത് കേട്ട് നബിതിരുമേനി(സ) അതീവ സന്തുഷ്ടനായി. ഹദ്റത്ത് അലിയോട് പറഞ്ഞു: നീ കാര്യങ്ങൾ കൃത്യമായും ഭംഗിയായും ചെയ്തു.

ഈ സംഭവത്തിന് മുമ്പ് നബിതിരുമേനി(സ) താൻ കണ്ട ഒരു സ്വപ്നം വിവരിക്കുന്നു, ഹീസ് അഥവാ ഈത്തപ്പഴവും പനീറും നെയ്യും ചേർത്ത ഒരു ഭക്ഷണം ഞാൻ കഴിച്ചു. ഞാൻ അതിൽ നിന്ന് ഒരു ഉരുളയെടുത്തു. അതിന്റെ സ്വാദ് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. പക്ഷെ അത് വിഴുങ്ങിയപ്പോൾ അതിന്റെ കുറച്ചു ഭാഗം എന്റെ തൊണ്ടയിൽ കുടുങ്ങി. അപ്പോൾ അലി അത് എന്റെ തൊണ്ടയിൽ കൈയിട്ട് പുറത്തെടുത്തു.

ഹദ്റത്ത് അബൂബക്കർ(റ) ഈ സ്വപ്നത്തെ വ്യാഖ്യാനിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ (സ), ഇത് അങ്ങ് അയക്കാൻ പോകുന്ന ഒരു സൈനിക നീക്കത്തെക്കുറിച്ചുള്ളതാണ്. അതിന്റെ ചില കാര്യങ്ങൾ അങ്ങയ്ക്ക് ഇഷ്ടമാകും. ചിലത് ആക്ഷേപത്തിന് വഴിവയ്ക്കും. പിന്നീട് അങ്ങ് അലിയെ അയക്കും. അദ്ദേഹം അത് എളുപ്പമാക്കും. അതായത് കാര്യങ്ങൾ ശരിയാക്കും. ഈ സൈനിക നീക്കത്തിന്റെ സംഭവത്തിലൂടെ ആ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു.

ബുഖാരിയുടെ വ്യാഖ്യാതാവായ സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് (റഹ്) പ്രസ്തുത സംഭവത്തെ കുറിച്ച് പണ്ഡിതോചിതമായ കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് യാതൊരു ദുരുദ്ദേശ്യവുമില്ലായിരുന്നു എന്ന് വ്യക്തമാണ്. അത് അദ്ദേഹത്തിന്റെ ഒരു ധാരണാപിശകായിരുന്നു. അതുകൊണ്ടാണ് നബിതിരുമേനി(സ) അദ്ദേഹത്തോട് അതൃപ്തി പ്രകടിപ്പിക്കുകയും അല്ലാഹുവിനോട് അക്കാര്യത്തിൽ തന്റെ നിരപരാധിത്വം പ്രഖ്യാപിക്കുകയും ചെയ്തത്. നബിതിരുമേനി(സ) മുഴുവൻ കാര്യവും അന്വേഷിച്ചപ്പോൾ, ചില തെറ്റിധാരണകൾ കാരണമാണ് കൊലപാതകങ്ങൾ നടന്നതെന്ന് തെളിഞ്ഞു. അതുകൊണ്ടാണ് നബിതിരുമേനി(സ) പ്രതികാരത്തിന് പകരം നഷ്ടപരിഹാരം നല്കാൻ തീരുമാനിച്ചത്. നബിതിരുമേനി(സ) ഖാലിദിനോട് ക്ഷമിച്ചു എന്നുമാത്രമല്ല കുറച്ച് ദിവസങ്ങൾക്ക് ശേഷം ഹുനൈൻ യുദ്ധത്തിന് തയ്യാറാക്കിയ സൈന്യത്തിന്റെ മുന്നണിപ്പടയുടെയും കുതിരപ്പടയുടെയും സേനാധിപനായി ഹദ്റത്ത് ഖാലിദിനെ നിയമിക്കുകയും ചെയ്തു.

ഇതുകൂടാതെ മറ്റ് രണ്ട് ചെറിയ സൈനിക നീക്കങ്ങളെക്കുറിച്ചും പരാമർശമുണ്ട്.

സരിയ്യ യലംലം : നബി(സ) ഹദ്റത്ത് ഹിശാം ബിൻ ആസിന്റെ നേതൃത്വത്തിൽ 200 പേരടങ്ങുന്ന ഒരു സൈനിക സംഘത്തെ മക്കയുടെ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന യലംലമിലേക്ക് അയച്ചു.

സരിയ്യ ഉറന : ഇത് അറഫാത്തിന്റെ മുന്നിലുള്ള ഒരു താഴ്‌വരയാണ്. നബി(സ) ഹദ്റത്ത് ഖാലിദ് ബിൻ സഈദ് ബിൻ ആസിന്റെ നേതൃത്വത്തിൽ 300 പേരടങ്ങുന്ന സൈന്യത്തെ ഈ ഭാഗത്തേക്ക് അയച്ചതായി പറയുന്നു. എന്തായാലും ഈ സൈനിക നീക്കങ്ങളെക്കുറിച്ച് മുഹമ്മദ് ബിൻ ഉമർ വാഖിദി മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. മറ്റ് വിഖ്യാത ചരിത്രകാരന്മാർ ആരും ഇത് രേഖപ്പെടുത്തിയിട്ടില്ല, അതുകൊണ്ട് ഇതിന്റെ ആധികാരികതയിൽ സംശയമുണ്ട്. ഇതിനെക്കുറിച്ച് കൂടുതൽ വിവരങ്ങളും ലഭ്യമല്ല.

എന്തായാലും ഈ സംഭവങ്ങളിൽ നിന്ന് നബിതിരുമേനി(സ)യുടെ സ്വഭാവവൈശിഷ്ട്യത്തെക്കുറിച്ച് നന്നായി മനസ്സിലാക്കാം. നബിതിരുമേനി(സ) എവിടെയും കാർക്കശ്യം കാണിച്ചിട്ടില്ല. ഇസ്ലാം മതത്തിന്റെ ശത്രുക്കൾ പറയുന്നതുപോലെ യുദ്ധങ്ങളിൽ കൊല്ലാൻ കൽപ്പിച്ചെന്ന ആരോപണവും തെറ്റാണ്. ചെറിയ തെറ്റുകൾ സംഭവിച്ചപ്പോൾ പോലും നബിതിരുമേനി(സ) വലിയ അതൃപ്തി പ്രകടിപ്പിക്കുകയാണ് ഉണ്ടായത്.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ
بِهِ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ
يُضْلِلْهُ فَلَا هَادِىَ لَهُ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهُ وَ رَسُوْلُهُ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَالْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 15.08.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516